
# ബൈബിൾ ട്രൂത്ത്



## അറിയിപ്പ്

വ്യക്തിപരമായും കുടുംബപരമായും വീട്ടിലിരുന്നു ബൈബിൾ പഠിക്കുവാൻ താൽപര്യമുള്ളവർ ഞങ്ങൾക്കെഴുതുകയോ ബന്ധപ്പെടുകയോ ചെയ്യുക. തികച്ചും സൗജന്യമായി ഞങ്ങൾ വന്നു പഠിപ്പിക്കുന്നതാണ്. അപൂർവ്വമായി കിട്ടുന്ന ഈ അവസരം പാഴാക്കാതിരിക്കുക.


Phone : 443378

CHURCH OF CHRIST
BEHIND SANSKRIT COLLEGE
PALAYAM, TRIVANDRUM-695 034


---

# സുവിശേഷ യോഗങ്ങൾ

## യേശുക്രിസ്തു
## "ജീവന്റെ കർത്താവ്"

സുപ്രസിദ്ധ വേദപണ്ഡിതൻ
സംസാരിക്കുന്നു.

സ്ഥലം : ചർച്ച് ഓഫ് ക്രൈസ്റ്റ് ബിൽഡിങ്ങ്, പാളയം
തിരുവനന്തപുരം

തീയതി : ഏപ്രിൽ 14 മുതൽ 17 വരെ
വൈകുന്നേരം 7 മണി

## എവർക്കും സ്വാഗതം

# ബൈബിൾ ട്രൂത്ത്

**Editors**

**P. K. VARGHESE** *** **J. C. CHOATE** ***

***

**Published by Church of Christ**

പുതിയ നിയമ ക്രിസ്തീയാനിത്വത്തിന്റെ പുനരേകീകരണം

**Vol 6** **March 1993** **No. 12**


## എഡിറ്റോറിയൽ

എന്നു തുടങ്ങിയതാണ് മനുഷ്യന്റെ പാരമ്പര്യവാസന എന്ന ചോദ്യത്തിന് ഉത്തരം വളരെക്കാലം എന്നേ പറയാൻ സാധിക്കൂ. ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചതായ വ്യക്തിത്വത്തെ മാനിക്കേണ്ടവരാണ് എല്ലാവരും. എന്നാൽ അറിഞ്ഞും അറിയാതെയും ഭൗതികമായ കാര്യങ്ങളാൽ ആത്മീയ സ്വഭാവത്തെ ഇല്ലാതാക്കുന്ന എത്രയോ പേർ ഈ ഭൂമിയിലുണ്ട്. പിശാചാണല്ലോ ആരംഭത്തിൽ മനുഷ്യനെ വീഴ്ത്തിയതു. ആ ശക്തി ഇല്ലാതാക്കാൻ ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവും അടങ്ങുന്ന പദ്ധതി നടപ്പാക്കി. അതിനു കീഴ്പ്പെടുവാൻ ഭൂരിഭാഗം പേർക്കും കഴിയുന്നില്ല. സാമുദായികവും പാരമ്പര്യവുമായ പല കാരണങ്ങൾ അവരെ പിൻതിരിപ്പിക്കുകയാണ്. ദൈവത്താലുള്ള ആത്മാവിന്റെ രക്ഷയേക്കാൾ വലുതായി ആളുകൾ കാണുന്നതു ഭൗതികമായ ജീവിതലക്ഷ്യമാണ്. ക്രിസ്തു പ്രസംഗിച്ചതും ലോകത്തിനു നൽകിയതും ആത്മാക്കളുടെ നിത്യരക്ഷക്കു വേണ്ടിയാണ്. തന്റെ ക്രൂശിലെ മരണവും മറ്റൊന്നിനു വേണ്ടിയായിരുന്നില്ല. ആ പരമപ്രധാനമായ ലക്ഷ്യത്തെ ഇന്നു പാരമ്പര്യങ്ങളുടേയും സമ്പ്രദായങ്ങളുടേയും പിന്നിലാക്കി നിർത്തിയിരിക്കുന്നു. ദൈവസ്നേഹമുള്ള ഓരോരുത്തരും വിവേചിച്ച് സത്യത്തിനുവേണ്ടി ദാഹത്തോടെ ജീവിക്കുക; മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുക.

പികെ വർഗീസ്

# അദ്ധ്യക്ഷൻ ആകാനുള്ള ആഗ്രഹം

J. C. ചോട്ട്

ഒരു രാജ്യത്തിന്, സൈന്യത്തിന്, വ്യവസായത്തിന്, സ്ക്കൂളിനു, കുടുംബത്തിന് എല്ലാം ഒരു നായകൻ ആവശ്യമാകുന്നതുപോലെ സഭയ്ക്കും അദ്ധ്യക്ഷസ്ഥാനം ആവശ്യമാണ്. ലക്ഷ്യമോ നിയന്ത്രണമോ ഇല്ലാതെ തെരുവുകളിലും മററു നിർജ്ജനപ്രദേശങ്ങളിലും ചെറുതും വലുതുമായ ചില കാര്യങ്ങൾ ചെയ്തുകൊണ്ട് ജീവിക്കുന്നവരുണ്ട്. അവരെ ഒരേ വഴിക്കു നയിച്ച് സംഘടിപ്പിച്ചാൽ നന്മക്കായാലും തിന്മക്കായാലും ജനങ്ങൾ തിരിഞ്ഞു വരുന്നതു കാണാം.

ക്രിസ്തു, സഭയുടെ തലയാകുന്നു (കൊലൊസ്യർ 1:18). പ്രാദേശിക ഇടവകകളായി ലോകത്തിൽ എല്ലായിടത്തും സഭ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട്, ഓരോ ഇടവകയിലും ധാരാളം അംഗങ്ങൾ ഉള്ളതുകൊണ്ട്, ഓരോ പ്രദേശത്തുമുള്ള ഇടവകകൾക്ക് അദ്ധ്യക്ഷസ്ഥാനം അനിവാര്യമാണ്. പ്രാദേശികമായും ക്രിസ്തു ആത്മീയ തലയാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ. അവൻെറ ഉപദേശമാകുന്ന ബൈബിൾ മുഖാന്തരം അവൻ തൻെറ ജനത്തെ ആത്മീയമായി നയിച്ച് അവൻെറ ഇഷ്ടം നിറവേററുവാൻ ഉൽസാഹിപ്പിക്കുന്നു. എന്നാൽ ഭൗതികമായ ദൈനന്തിന ഇടപാടുകൾ തീരുമാനിച്ച് നടപ്പിൽ വരുത്തുവാൻ ഭൗതിക നേതൃത്വം തന്നെ വേണം അല്ലെങ്കിൽ അങ്ങനെയുള്ള പ്രവൃത്തികൾ നിറവേററുവാൻ മനുഷ്യർ തന്നെവേണം.

സഭയുടെ പ്രാരംഭഘട്ടത്തിൽ സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പാൻ മാത്രമല്ല അപ്പൊസ്തലൻമാരോടു കർത്താവു പറഞ്ഞതു. പരിവർത്തനം ചെയ്യപ്പെട്ടവർ

അപ്പൊസ്തലൻമാരുടെ ഉപദേശത്തിലും കൂട്ടായ്മയിലും മുടങ്ങാതെ തുടർന്നു വന്നു എന്നും നാം വായിക്കുന്നുണ്ട്. അപ്പൊസ്തലൻമാർക്ക് ഒരേ സമയത്തു പല സ്ഥലങ്ങളിൽ പ്രവർത്തിച്ച് എല്ലാം നിവർത്തിപ്പാൻ കഴികയില്ലല്ലൊ. അതിനാൽ സഭയിൽ വിശ്വസ്തരും കഴിവുള്ളവരുമായ ചിലരെ തിരഞ്ഞെടുത്തു അവരുടെ മേൽ കൈവെച്ച് അവർക്കു അൽഭുതവരങ്ങൾ ചെയ്യാനുള്ള കഴിവുകൾ പ്രദാനം ചെയ്തു. അങ്ങനെ ശൈശവ പ്രായത്തിലിരുന്ന സഭയെ സത്യമായ വെളിപ്പാടിൽ ആരോഗ്യപരമായി വേരൂന്നി വളരുവാൻ സഹായിച്ചു.

കർത്താവിൻെറ വേല നിരന്തരം വളർന്നുകൊണ്ടിരുന്നതിനാൽ രാജ്യത്തിൽ നിരവധി ഇടവകകൾ ആരംഭിച്ചതുകൊണ്ട് ഓരോ ഇടവകയിലും മൂപ്പൻമാരെയും അവരെ സഹായിക്കുന്നതിനു ശുശ്രൂഷക്കാരെയും നിയമിക്കുവാൻ അപ്പൊസ്തലൻമാരെ ദൈവം ചുമതലപ്പെടുത്തി. അതിനുള്ള യോഗ്യതകളെയും അവർ വിവരിക്കുന്നുണ്ട് (1 തിമൊഥെയോസ് 3; തിത്തോസ് 1). സ്വേച്ഛാധിപത്യം ഒഴിവാക്കുവാൻ അതായതു പ്രാദേശിക ഉപദേഷ്ടാവിൻെറയൊ അല്ലെങ്കിൽ ഒരു സഹോദരൻെറയോ ഏകാധിപത്യ പ്രവണത ഇല്ലാതാക്കുവാൻ സഭയിൽ രണ്ടോ അതിലധികമോ മൂപ്പൻമാർ വേണമെന്ന് ദൈവം നിഷ്ക്കർഷിച്ചിരിക്കുന്നു. യോഗ്യതകൾ ഉള്ള പുരുഷൻമാർ ഉണ്ടാകുന്നതുവരെ ഓരോ ഇടവകയിലേയും പുരുഷൻമാരുടെ കൂട്ടായ തീരുമാനമനുസരിച്ച് പ്രസംഗങ്ങളും ഉപദേശങ്ങളും മററു ആവശ്യമായ പ്രവർത്തനങ്ങളും വിജയകരമായി നടത്തേണ്ടതാകുന്നു.

സഭയുടെ ശൈശവപ്രായത്തിൽ, അപ്പൊസ്തലൻമാർ ആരുടെയെങ്കിലും മേൽ കൈവെച്ചാൽ അവർക്കു അൽഭുതശക്തി ലഭിച്ചിരുന്നു. ഇതു അവർക്കു സഭയെ നടത്തുവാനുള്ള കഴിവുള്ളവരാക്കി അവരെ മാററി. അവരിൽ അനേകരെ മൂപ്പൻമാരാക്കി നിയമിച്ചു എന്നതു സംശയരഹിത

മയി വിശ്വസിക്കാം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, പരിശുദ്ധാത്മാവിന്റെ പ്രത്യേക ശക്തിയാൽ അവരുടെ ദൈവവചനത്തിലുള്ള പരിജ്ഞാനം, അറിവ്, വിശ്വാസം പ്രാപ്തി തുടങ്ങി ആവശ്യമായ യോഗ്യതകളെല്ലാം ധൃത ഗതിയിൽ ഉണ്ടായി എന്നതാണ്. അവർക്കു ഏക ഭാര്യയും, വിശ്വാസികളായ മക്കൾ മുതലായ യോഗ്യതകൾ കൂടിയേ തീരു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വേഗത്തിൽ ഈ യോഗ്യതകൾ ഉണ്ടാകുവാൻ സഹായകരമായി തീർന്നു. അതുകൊണ്ട് ആ കാലയളവിൽ കാലദൈർഘ്യം കൂടാതെ മൂപ്പൻമാർ ഉണ്ടായി.

ഇന്നു ലോകത്തിൽ അപ്പൊസ്തലൻമാരായി ആരും തന്നെയില്ല. പരിശുദ്ധാത്മാവിനാലുള്ള സ്നാനം ലഭിച്ച വരും ആരും ഇന്നില്ല. കൂടാതെ കൈവെയ്പിനാൽ പരി ശുദ്ധാത്മശക്തി ലഭിച്ചവരും ഇന്നില്ല. അതുകൊണ്ട് അതിവേഗത്തിൽ ഈ കഴിവുകളോ യോഗ്യതകളോ ഉണ്ടായി പെട്ടെന്ന് അദ്ധ്യക്ഷൻമാരായി തീരുവാനും പ്രയാസമാണ്. അപ്പോൾ സ്വാഭാവികമായി സഭയിൽ മൂപ്പൻമാരാകുവാനുള്ള യോഗ്യതകൾ പുരുഷൻമാരിൽ ഉണ്ടാകുന്നതുവരെ കാത്തി രിക്കുകയേ നിർവ്വാഹമുള്ളു.

സഭയിൽ അദ്ധ്യക്ഷന്മാർ ഉണ്ടാകുന്നതു ഉത്തമമാണ്. കാരണം കർത്താവിന്റെ ഹിതം അതാണ്. ഏതെങ്കിലും ഇടവകയിൽ നിശ്ചിത യോഗ്യതകളുള്ള രണ്ടിൽ അധികം പേർ ഇല്ലെങ്കിൽ പുരുഷൻമാരുടെ യോജിച്ചുള്ള തീരുമാനം വളരെ ഫലപ്രദമാണ്. ഒരു സംഘടനയായി പ്രാദേശിക ഇടവകയിലെ ദൈനന്തിന കാര്യങ്ങൾ നോക്കേണ്ടതായിട്ടു ണ്ട്. യോഗങ്ങൾ സംഘടിപ്പിക്കുക, ഉപദേശം എന്നിവയും

(ശേഷം 21-ാം പേജിൽ)

# പ്രവാചകൻ

J. ഫ്രാൻസീസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

മിസ്രായിം രാജാവിന്റെ പാനപാത്രവാഹകനും അപ്പക്കാര പ്രമാണിയും രാജാവിനോടു കുററം ചെയ്തു. അതിനാൽ അവരെ യോസേഫ് കിടന്നിരുന്ന കാരാഗൃഹത്തിൽ ആക്കി. യോസേഫ് അവരെ ശുശ്രൂഷിച്ചു. അവർ ഒരു രാത്രിയിൽ സ്വപ്നം കണ്ടു. പിറേറന്നു വിഷാദിച്ചിരുന്നു. യോസേഫ് അവരോടു കാര്യം തിരക്കി. പാനപാത്രവാഹകൻ ആദ്യം തന്റെ സ്വപ്നം അവനോടു വിവരിച്ചു. ഇതാ, എന്റെ മുമ്പിൽ ഒരു മുന്തിരിവള്ളി. മുന്തിരിവള്ളിയിൽ മൂന്നു കൊമ്പുകൾ. അതു തളിർത്തു. പൂത്തു കുലകളിൽ മുന്തിരിങ്ങ പഴുത്തു. ഫറവോന്റെ പാനപാത്രം എന്റെ കൈയിൽ ഉണ്ടായിരുന്നു. ഞാൻ മുന്തിരിപ്പഴം പറിച്ചു. ഫറവോന്റെ പാനപാത്രത്തിൽ പിഴിഞ്ഞു. പാനപാത്രം ഫറവോന്റെ കൈയിൽ കൊടുത്തു.

സ്വപ്നം കേട്ട യോസേഫ് ഇപ്രകാരം വിശദീകരിച്ചു. മൂന്നു കൊമ്പുകൾ മൂന്നു ദിവസം. മൂന്നു ദിവസത്തിനകം ഫറവോൻ നിന്നെ കടാക്ഷിച്ചു വീണ്ടും നിന്റെ സ്ഥാനത്തു ആക്കും. നീ പാനപാത്രവാഹകനായി മുമ്പിലത്തെ പതിവുപോലെ ഫറവോന്റെ കൈയിൽ പാനപാത്രം കൊടുക്കും. നീ ശുഭമായിരിക്കുമ്പോൾ എന്റെ സത്യാവസ്ഥ ഫറവോനെ ബോധിപ്പിച്ചു എന്നെ ഇവിടെ നിന്നും വിടുവിക്കേണമേ എന്നു അവനോടു അഭ്യർത്ഥിച്ചു.

യോസേഫ് പറഞ്ഞ വിശദീകരണം അപ്പക്കാരനു ഇഷ്ടപ്പെട്ടു. അവനും സ്വപ്നം വിശദീകരിച്ചുകൊടുത്തു. എന്റെ തലയിൽ വെളുത്ത അപ്പമുള്ള മൂന്നു കൊട്ട കണ്ടു. മേലത്തെ കൊട്ടയിൽ ഫറവോന്റെ വക അപ്പത്തരങ്ങൾ ഒക്കെ

യും ഉണ്ടായിരുന്നു. പക്ഷികൾ വന്നു എന്റെ തലയിലെ കൊട്ടയിൽ നിന്നു അവയെ തിന്നുകളഞ്ഞു. അതിനു യോസേഫ് ഇപ്രകാരം വിശദീകരിച്ചു. മൂന്നു കൊട്ട മൂന്നു ദിവസം. മൂന്നു ദിവസത്തിനകം ഫറവോൻ നിന്റെ തല വെട്ടി നിന്നെ ഒരു മരത്തിൻമേൽ തൂക്കും. പക്ഷികൾ നിന്റെ മാംസം തിന്നുകളയും. മൂന്നാം നാളിൽ യോസേഫ് വിശദീകരിച്ച പ്രകാരം സംഭവിച്ചു (ഉൽപ. 40:1-23).

രണ്ടു സംവൽസരം കഴിഞ്ഞപ്പോൾ ഫറവോൻ ഒരു സ്വപ്നം കണ്ടു. അവൻ നദീതീരത്തുനിന്നു. അപ്പോൾ രൂപഗുണവും മാംസപുഷ്ടിയുമുള്ള ഏഴു പശുക്കൾ നദിയിൽ നിന്നു കയറി, ഞാങ്ങണയുടെ ഇടയിൽ മേഞ്ഞുകൊണ്ടിരുന്നു. അവയുടെ പിന്നാലെ മെലിഞ്ഞു വിരൂപമായ വേറെ ഏഴു പശുക്കൾ നദിയിൽ നിന്നു കയറി നദീതീരത്തു മേഞ്ഞുകൊണ്ടിരുന്ന പശുക്കളുടെ അരികെ നിന്നു. രണ്ടാമതു കയറിയ പശുക്കൾ ആദ്യം കയറിയ പശുക്കളെ തിന്നുകളഞ്ഞു. അപ്പോൾ ഫറവോൻ ഉണർന്നു. വീണ്ടും ഉറങ്ങി. അപ്പോഴും ഒരു സ്വപ്നം കണ്ടു. പുഷ്ടിയുള്ളതും നല്ലതുമായ ഏഴു കതിർ ഒരു തണ്ടിൽ നിന്നു പൊങ്ങിവന്നു. അവയുടെ പിന്നാലെ നേർത്തും കിഴക്കൻ കാററിനാൽ കരിഞ്ഞുമിരിക്കുന്ന ഏഴു കതിർ പൊങ്ങി വന്നു. നേർത്ത ഏഴു കതിരുകളും പുഷ്ടിയുള്ള ഏഴു കതിരുകളെയും വിഴുങ്ങി കളഞ്ഞു. അപ്പോൾ ഫറവോൻ ഉണർന്നു. പിറേറന്നു ഈ സ്വപ്നത്തിൽ അവൻ വ്യസനിച്ചു. രാജ്യത്തിലെ ജ്ഞാനികളെയും മന്ത്രവാദികളെയും അവൻ വരുത്തി. ഈ സ്വപ്നം അവർക്കു വിവരിച്ചുകൊടുത്തു. എന്നാൽ അവർക്ക് ഇതു വ്യാഖ്യാനിക്കുവാൻ കഴിഞ്ഞില്ല.

അപ്പോൾ പാനപാത്രവാഹകൻ യോസേഫിനെകുറിച്ചു ഓർത്തു. അവനു സ്വപ്നത്തെ വ്യാഖ്യാനിക്കുവാൻ കഴിയുമെന്നു ഫറവോനെ ധരിപ്പിച്ചു. അവൻ ആളയച്ചു യോസേഫിനെ വരുത്തി. കണ്ട സ്വപ്നം വിവരിച്ചുകൊടുത്തു.

അപ്പോൾ യോസേഫ് ഫറവോനോടു പറഞ്ഞു: കണ്ട രണ്ടു സ്വപ്നങ്ങളും ഒന്നു തന്നെ. പുഷ്ടിയുള്ള ഏഴു പശുക്കളും, ഏഴു കതിരുകളും മിസ്രയീമിലൊക്കെയും ഉണ്ടാകാവുന്ന ഏഴു സംവൽസരങ്ങളെ സൂചിപ്പിക്കുന്നു. മെലിഞ്ഞു വിരൂപമായ ഏഴു പശുക്കളും കതിരുകളും ക്ഷാമമുള്ള ഏഴു സംവൽസരങ്ങൾ ആകുന്നു. മിസ്രയിം ദേശത്തൊക്കെയും. ബഹുസുഭിക്ഷമായ ഏഴു സംവൽസരം ഉണ്ടാകും. അതിനെ തുടർന്നു ക്ഷാമമുള്ള ഏഴു സംവൽസരങ്ങൾ വരും. ക്ഷാമത്താൽ ദേശം ക്ഷയിച്ചുപോകും. ഫറവോനു സ്വപ്നം രണ്ടു വട്ടം ഉണ്ടായതു, കാര്യം ദൈവമുമ്പാകെ സ്ഥിരമായിരിക്കകൊണ്ടും ദൈവം അതിനെ വേഗത്തിൽ വരുത്തുവാൻ ഇരിക്കുന്നതുകൊണ്ടും ആകുന്നു. അതുകൊണ്ടു ഫറവോൻ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനെ അന്വേഷിച്ചു മിസ്രയിം ദേശത്തിനു മേലധികാരി ആക്കിവയ്ക്കണം. കൂടാതെ ഫറവോൻ ദേശത്തിൻമേൽ വിചാരകൻമാരെ ആക്കി സുഭിക്ഷതയുള്ള ഏഴു സംവൽസരത്തിൽ മിസ്രയിം ദേശത്തിലെ വിളവിൽ അഞ്ചിലൊന്നു വാങ്ങി ശേഖരിക്കേണം. അതു ഫറവോൻെറ അധീനതയിൽ സൂക്ഷിച്ചു വയ്ക്കണം. ഈ ധാന്യം വരാൻ പോകുന്ന ക്ഷാമമുള്ള സംവൽസരങ്ങളിൽ ഉപയോഗിക്കണം.

യോസേഫിൻെറ സ്വപ്നവ്യാഖ്യാനവും ക്ഷമകാലങ്ങളെ അതിജീവിക്കുവാനുള്ള അഭിപ്രായവും ഫറവോനു വളരെയധികം ഇഷ്ടപ്പെട്ടു. അതിനാൽ ഫറവോൻ അവനെ രാജ്യത്തിൻെറ മേലധികാരി ആക്കി നിയമിച്ചു. യോസേഫ് പറഞ്ഞ അഭിപ്രായപ്രകാരം പ്രവർത്തിച്ചു. ക്ഷാമകാലത്തു ശേഖരിച്ച ധാന്യങ്ങൾ മിസ്രയീമ്യർക്കും അയൽരാജ്യക്കാർക്കുമായി വിററു: അങ്ങനെ ക്ഷാമം പരിഹരിക്കപ്പെട്ടു (ഉൽപ. 41:1-57).

യോസേഫിനു ഇപ്രകാരം സ്വപ്നങ്ങളെ വ്യാഖ്യാനിക്കുവാനും, ഭാവിയിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളെ മുൻ

കൂട്ടി കണ്ടു പരിഹാരനടപടികൾ എടുക്കുന്നതിനും സഹായിച്ചിട്ടുള്ളതു സ്വന്ത വിവേകമോ ജ്ഞാനമോ അല്ല. ദൈവം വെളിപ്പെടുത്തി കൊടുത്ത കാര്യങ്ങൾ സത്യസന്ധതയോടു കൂടി ബന്ധപ്പെട്ട വ്യക്തികളെ അറിയിക്കുക മാത്രമേ ചെയ്തുള്ളു. ദൈവത്തെ അവൻ പൂർണ്ണമായി അനുസരിച്ചതിനാൽ ദൈവം അവനെ ഉയർത്തി മിസ്രയീം രാജ്യത്തിന്റെ മേലധികാരിയാക്കി.

(തുടരും)

★

**വൈ. പുഷ്പ, മൈലക്കാട്.**

കവിത

# അർച്ചന

അനാദി കാലം തൊട്ടേ,
അന്നു നിമിഷം തോറുമെന്നെ
വഴി നയിക്കു മജ്ഞാത ചൈതന്യമേ,
വൻ വിനകളിൽ വീഴാതെന്നെ
കൈ പിടിച്ചാനയിക്കു നീ !
ജീവിത സാഗരമാമീ തുരുത്തിൽ
ഞാനേകയല്ലോ.
പ്രതികൂലങ്ങളനു നിമിഷം
അലറുന്നെന്നെ നോക്കി
കഷ്ടതകൾ തന്നോളങ്ങൾ
കുതിക്കുന്നെ നിക്കെതിരേ
തോൽവിതൻ ചുഴലികൾക്കിടയിലും
തോണി താഴാതെ കാക്കണേ നാഥാ
അദ്ധ്വാനമാം തണ്ടു വലിച്ചു ഞാൻ
തളരുമീ ജീവിത നൗകയിൽ

വിശ്വാസ നെയ്ത്തിരി തെളിച്ചിടണേ
തിരുശിഷ്യനാം പൗലോസിൻ പിൻപേ-
തിരുമേനിതൻ ചാരേ
കുതിയ്ക്കുന്നോരിയോട്ടം നേരെ
വീഴാതെ തളരാതെ കാത്തീടുകെന്നെ നീ
ബേത്‌ലഹേമിൻ സമാധാന പ്രാവേ,
കാനായിലെ അൽഭുത നായകനെ
ജറുസലേമിൻ ചാട്ടവാർ വാഹകനേ
മർത്യ ഹൃദയങ്ങളിൽ തൂകണേ നിൻ-
ശാന്തിയും നീതിയുമനവരതം.
ഗലീലിയ സാഗരം തന്നിൽ നടന്ന നാഥാ !
ഈ ജീവിത സാഗരം കടന്നക്കരെ-
യെത്താനെൻ കൈ പിടിയ്ക്കൂ ധീരനാഥാ !
ഗെത്ത്ശെമന തോട്ടേ ധ്യാനിച്ച ധന്യാ !
നിത്യവുമങ്ങുതൻ നാമത്തെ
ധ്യാനിയ്ക്കാൻ പ്രാപ്തയാക്കെന്നെ നീ.
ഗൊൽഗോഥാ തന്നിലെ ത്യാഗ മൂർത്തേ !
മാനവ രക്ഷയ്ക്കായ് ജീവൻ ഹോമിച്ച
കാരുണ്യവാരിധേ-
തകരുമന്യർതൻ കണ്ണീരൊപ്പാൻ
ശക്തമാക്കുകെൻ കരങ്ങളെ നീ !

★

# നാവ് ഒരു തീയോ ?

**തങ്കം വർഗ്ഗീസ്**

നാവും ഒരു തീ തന്നെ (യാക്കോ. 3:6). ദൈവം സൃഷ്ടിച്ച എല്ലാ ജീവചാലങ്ങൾക്കും നാവ് ഉണ്ടെങ്കിലും മനുഷ്യനു മാത്രമേ നാവുകൊണ്ട് സംസാരിയ്ക്കാനുള്ള

കഴിവ് ഉള്ളൂ. ദൈവം മനുഷ്യന് നൽകിയ അൽഭുതകരമായ ഒരു കഴിവാണ് ഇത്. മനുഷ്യന്റെ അവയവങ്ങളിൽ നാവ് ഒരു ചെറിയ അവയവം എങ്കിലും നാവിന് വളരെ പ്രാധാന്യം ഉണ്ട്. നമുക്ക് പരസ്പരം ആശയവിനിമയം ചെയ്യുന്നതിനും ബന്ധങ്ങൾ ദൃഢപ്പെടുത്താനും നാവ് വളരെ അധികം ഉപകരിക്കുന്നു.

എല്ലാ തത്വചിന്തകന്മാരും മതാചാര്യന്മാരും, എഴുത്തുകാരും നാവിന്റെ അത്ഭുത ചൈതന്യത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ അതോടൊപ്പം അത് നിയന്ത്രിക്കപ്പെടേണ്ട ആവശ്യത്തെ കുറിച്ച് ദൈവം മനുഷ്യ മനസ്സിനെ പ്രബോധിപ്പിക്കുന്നു. കാരണം ഒരു മനുഷ്യന്റെ സംസാര രീതി കൊണ്ട് മിത്രങ്ങളെ സമ്പാദിക്കുകയും ശത്രുക്കളെ ഉണ്ടാക്കുകയും ചെയ്യുന്നു. യാക്കോബ് തന്റെ ലേഖനത്തിൽ 3:10-ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഒരു നാവിൽ നിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. ഒരു ക്രിസ്ത്യാനിക്ക് ഇത് യോഗ്യമോ ഭൂഷണമോ ആയിരിയ്ക്ക ഇല്ല. ദൈവ ഭക്തനായ ഒരു വ്യക്തി ആയാലും, സാധാരണ മനുഷ്യനായ ഒരാളായാലും തന്റെ നാവിനെ കടിഞ്ഞാണിടാൻ ആ വ്യക്തി ശ്രമിച്ചില്ലെങ്കിൽ ഗുണത്തേക്കാൾ ഏറെ ദോഷമായിരിക്കും ഫലം. ആകയാൽ പ്രിയമുള്ളവരേ, നിങ്ങളുടെ സംസാരം ഉപ്പിനാൽ രുചി വരുത്തുന്നതും കൃപയോടു കൂടിയതും ഉവ്വ് ഉവ്വ് എന്നും ഇല്ല ഇല്ല എന്നുമായിരിയ്ക്കട്ടെ! കൊലൊസ്യർ 4:6. സംഭാഷണത്തിൽ പിഴ വരുത്താത്തവൻ ശരീരത്തെ മുഴുവൻ കടിഞ്ഞാണിട്ട് നയിക്കുവാൻ കഴിവുള്ള ഒരു ഉത്തമ മനുഷ്യനായിരിക്കും.

പ്രാകൃത മനുഷ്യനേയും ആത്മീക മനുഷ്യനേയും തമ്മിൽ വേർതിരിക്കുന്ന ഒരു വിഷയം അവരുടെ സംഭാഷണ ശൈലിയാണെന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നു. വ്യാജം, ദുർഭാഷണം, അട്ടഹാസം, ദൂഷണം, അശ്ലീലം, അസഭ്യം, സംസ്ക്കാരശൂന്യമായ സംഭാഷണം ഇവ പ്രാകൃത മനുഷ്യനിൽ കാണാം. ആത്മീക മനുഷ്യനിലാകട്ടെ അവന്റെ

വാക്കുകളിൽ ഭയയും മനസ്സലിവും ദീർഘക്ഷമയും ഉണ്ടായിരിക്കും. ദൈവത്തെ അറിയുന്ന, ദൈവത്തെ സ്നേഹിക്കുന്ന ഒരു വ്യക്തിയിൽ മാത്രമേ ആത്മീയ ഗുണങ്ങൾ നമുക്ക് ദർശിയ്ക്കാൻ കഴിയൂ. കൊലൊസ്യർ 3:12-15-ൽ നമ്മെ ഇപ്രകാരം പ്രബോധിപ്പിക്കുന്നു. "അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും, വിശുദ്ധന്മാരും, പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൌമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചു കൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവന്ന് വഴക്ക് ഉണ്ടായാൽ തമ്മിൽ ക്ഷമിയ്ക്കയും എല്ലാററിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പൻ".

നാവിന് രണ്ട് സാദ്ധ്യതകളാണ് ഉള്ളത്. അത് നൻമയ്ക്കായും തിന്മയ്ക്കായും ഉപയോഗിക്കാം. പൗലോസ് റോമർക്ക് എഴുതുമ്പോൾ അവിടെ നാം കാണുന്നത്, നൻമ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം. റോമർ 10:15. നൻമ ചെയ്യുന്നവർ ജീവന്നായും തിന്മ ചെയ്യുന്നവർ ന്യായ വിധിയ്ക്കായും കാപ്പാനുള്ള കാലം വരും എന്ന് ഓർത്തു കൊൾക. ആകയാൽ പ്രിയമുള്ളവരേ നാം തിൻമയെ നന്മ കൊണ്ട് നേരിട്ടു വിജയം വരിയ്ക്കാൻ പ്രാപ്തരാകുകയും ചെയ്യുക.

നല്ല മനുഷ്യരുടെ സാന്നിദ്ധ്യവും സംസാരരീതിയും ഏവരും ഇഷ്ടപ്പെടുന്നു. ഒരു പുരുഷനായാലും സ്ത്രീ ആയാലും അവരുടെ അധരം കൊണ്ട് മററുള്ളവർക്ക് ഉപകാരം ചെയ്യാൻ സാധിച്ചില്ലെങ്കിലും ദോഷം കണക്കിടാൻ കാരണമാകാതെ ദൈവത്തെ ഭയപ്പെട്ട്, അവന്റെ കൽപനകളെ കാത്തുകൊള്ളേണ്ടതാകുന്നു. നാവ് നന്നല്ലാത്ത ഒരു കുടുംബിനിയുടെ ഭവനം എപ്പോഴും നരക തുല്യമായിരിക്കും. കുട്ടികൾ അവരെ ഭയപ്പെടും, ഭർത്താവ് അവരെ വെറുക്കും. കുടുംബത്തിന്റെ പുരോഗതിയേയും അത് വളരെ അധികം ബാധിക്കും. ഒരു ഭർത്താവിന്റെ സന്തോഷം ഭാര്യയിൽ നിക്ഷിപ്തമായിരിക്കുന്നു, സ്ത്രീ കുടുംബത്തിന്റെ വിള

ക്കാകുന്നു. വിളക്കിൽ എണ്ണയും തിരിയും ഇല്ലെങ്കിൽ അത് കത്തുകയില്ല എന്ന് നമുക്ക് അറിയാം. അത് പോലെ വിവേകമില്ലാത്ത സ്ത്രീ പന്നിയുടെ മൂക്കിലെ മൂക്കുത്തി പോലെയാകുന്നു. വിവേകമുള്ളവൾ തന്റെ ഭവനത്തെ സ്വർഗ്ഗതുല്യമാക്കുന്നു. അതുകൊണ്ടാണ് ശലോമോൻ, സദൃശ്യവാക്യം 14:1-ൽ സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീട് പണിയുന്നു. ഭോഷത്വമുള്ളവളോ അത് സ്വന്ത കൈകളാൽ പൊളിച്ചു കളയുന്നു എന്ന് പറഞ്ഞത്. ആകയാൽ പ്രിയ വായനക്കാരേ, നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവായാൽ അവൻ ഭത്സിയ്ക്കാതെ ദൈവത്തോട് യാചിയ്ക്കട്ടെ!

നമ്മുടെ ദൈനംദിന ജീവിതത്തിൽ മററുള്ളവരെ സന്തോഷപ്പെടുത്തുവാനും അവർക്ക് ഉത്സാഹം നല്കുവാനും ജീവനും ചൈതന്യവുമുള്ള യേശുക്രിസ്തുവിന്റെ വാക്കുകൾ തന്നെ നമ്മളിൽ നിന്ന് പുറപ്പെടുവാൻ ദൈവം നമ്മളെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ!

★

# ക്രിസ്തീയ രക്ഷാകർത്തൃത്വം

ബെററി. ബി. സി.

അവൾക്കു ഏകദേശം മൂന്നു വയസു പ്രായം കാണും. അവളുടെ മാതാപിതാക്കൾ വേണ്ടാ എന്നു പറയുന്ന കാര്യങ്ങൾ അവൾക്കു കിട്ടിയേ അടങ്ങൂ എന്ന ദുർവ്വാശിയും ശാഠ്യവും ഉള്ള ഒരു പെൺകുട്ടി. ഇതു കണ്ടു നിന്ന ഒരാൾ ആകാംക്ഷയോടെ ചോദിച്ചു, കുട്ടീ നീ എന്താണ് ഇങ്ങനെ ഒക്കെ കാണിക്കുന്നത്? ഒരു ശിശുവിന്റെ നിഷ്കളങ്കതയോടെ അവൾ പ്രതിവചിച്ചു. "അവർ എന്റെ ഇഷ്ടം നിറവേററിത്തരണം.

കുട്ടികൾ വിഡ്ഢികളല്ല; അവരുടെ ഇഷ്ടാനിഷ്ടങ്ങൾ സന്ദർഭത്തിനൊത്തു പ്രകടിപ്പിക്കാൻ മാതാപിതാക്കളേക്കാൾ അവർ സമർത്ഥരാണ്. എങ്ങനെയെങ്കിലും ഒന്നടങ്ങട്ടെ എന്നു കരുതി അവസാനം രക്ഷകർത്താക്കൾ അവരുടെ ഇംഗിതത്തിനു വഴങ്ങും. അങ്ങനെ ശാന്തത കൈവരിക്കും. ഈ കാര്യങ്ങളിൽ കുട്ടികളാണ് വിജയിക്കുന്നതും നിയന്ത്രണം ഏറ്റെടുക്കുന്നതും. പരിചയരഹിതരായ ആളുകളുടെ നിയന്ത്രണത്തിൽ കാര്യങ്ങൾ വന്നാൽ എന്തായിരിക്കും സ്ഥിതി? അജ്ഞരും അറിവില്ലാത്തവരുമായ ആളുകളുടെ ആത്മീയ കാര്യങ്ങളിൽ ആശ്രയിക്കുന്നത് എത്ര അപകടകരമെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

മാതാപിതാക്കൾ ഇതിനു പ്രേരിതരാകുന്നതെന്ത്? "ഓ അവർക്ക് ഞാൻ അതു കൊടുത്തില്ലെങ്കിൽ കുട്ടികൾ ഒരിക്കലും കരച്ചിൽ നിർത്തുകയില്ല" ഇതു വാസ്തവത്തിൽ സത്യമാണോ? അല്ല. ഇതു പരിഹരിക്കാൻ മറ്റൊരു വഴിയുണ്ട്. മക്കളല്ല; പിന്നെയോ രക്ഷകർത്താക്കളാണ് നിയന്ത്രണം ഏറ്റെടുക്കേണ്ടത്. എന്റെ അമ്മയപ്പന്മാരിൽ നിന്നും വ്യക്തിപരമായ അനുഭവത്തിൽ നിന്നും എനിക്ക് ലഭിച്ച വിവേകപൂർവ്വമായ ചില നിലപാടുകളെ ഞാൻ നിങ്ങൾക്ക് പങ്കിടുവാൻ ശ്രമിക്കട്ടെ.

ആദ്യമായി, കുട്ടികളുടെ രക്ഷകർത്താവാണ് ഞാൻ എന്നും കുട്ടികൾ തന്നെ അനുസരിക്കേണ്ടതാണെന്നും ഉള്ള ഒരു തീരുമാനത്തിലെത്തണം. ഓരോ അമ്മയും അപ്പനും ഒരിക്കൽ ആ ഉറച്ച തീരുമാനം എടുത്താൽ കാര്യം വിജയിച്ചു, എന്നു തീർച്ചയാക്കാം. ഓരോ കുട്ടിയും വ്യത്യസ്ഥ സ്വഭാവവും വ്യക്തിത്വവും ഉള്ളവരാണ്. അതു തിരിച്ചറിഞ്ഞ് വേണം അവരോടു പെരുമാറുവാനും. ഓരോ തരത്തിലുള്ള ഉപായങ്ങളാണ് അവരെ മെരുക്കുവാൻ ഉപയോഗിക്കേണ്ടതു എന്നു സാരം.

മനശാസ്ത്രപരമായ സമീപനമാണ് ചില കുട്ടികളെ നിയന്ത്രിക്കുവാൻ എടുക്കേണ്ടതു. ലോലമനസ്ക്കരായ കുട്ടി

കൾക്കു ശാസനയോ ഭീഷണിയാലുള്ള നോട്ടമോ മതിയാകും. മററു ചിലർ വേഗത്തിൽ പ്രതികരിക്കും കാരണം. അവരുടെ പക്കലുള്ള ഇഷ്ടപ്പെട്ട പാവയോ മറേറാ നഷ്ടമാകും എന്ന തോന്നൽ അവരെ പിന്തിരിപ്പിക്കും. ദൂരദർശനിൽ അവർക്കു ഇമ്പകരമായ പരിപാടികൾ കാണുന്നതു താൽക്കാലികമായി വിലക്കുന്നതു ചില മാൽസര്യബുദ്ധികളായ കുട്ടികളെ അതില്ലാതാക്കാൻ സഹായിക്കും.

കോപാവേശത്തോടെ ഒരു കുട്ടി കരയുന്നതു എന്തുകൊണ്ടാണ് ? കാരണം അതു അപ്പനേയോ അമ്മയേയോ നിർബ്ബന്ധിച്ച് അവരുടെ ശ്രദ്ധ പിടിച്ചു പററുന്നു. കുട്ടികളുടെ ശബ്ദകോലാഹലത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന മററു മാർഗ്ഗങ്ങളെല്ലാം പാഴാണ് എന്ന് അവർ തെളിയിക്കും. എൻെറ കുട്ടികൾ ഇതുപോലെ ദുശ്ശാഠ്യം പിടിച്ച സാഹചര്യത്തിൽ ഞാൻ അവരെ മറെറാരു മുറിയിലോ, കുളിമുറിയിലോ കൊണ്ടു വിട്ടിട്ട് അവരുടെ കോപം ഇല്ലാതായശേഷം വന്നു ക്ഷമിക്കണം എന്നു പറയുന്നതുവരെ എന്നെ കാണരുതു എന്നു പറയും; "എന്നെ കാണുന്നതുതന്നെ പുഞ്ചിരിയോടെയായിരിക്കണം എന്നും പറയും." അതിശയകരമായി അവരുടെ കണ്ണുനീർ ഇല്ലാതാകുകയും ശബ്ദം നിൽക്കുകയും ചെയ്യും. കോപാവേശം കൊണ്ടുള്ള നിർബ്ബന്ധം ആർക്കും ഒരു പ്രയോജനവും ചെയ്യാത്ത പ്രവൃത്തിയാണെന്നു അവൻ തിരിച്ചറിയുന്നു. അവരുടെ സ്വഭാവത്തിലുള്ള കുഴപ്പമെന്തെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ ഇതു ഉപകരിക്കും.

അധികാരം സ്ഥാപിച്ചു കഴിയുമ്പോൾ, രക്ഷകർത്താക്കളെ കുട്ടികളായ തങ്ങൾ അനുസരിക്കേണ്ടതാണെന്നു അവർ തിരിച്ചറിയുന്നു. അപ്പോൾ അവരുടെ എതിർപ്പുകളും മൽസരവും ഇല്ലാതാകും. എന്നാൽ ചിലപ്പോൾ കുട്ടിയുടെ നൻമയ്ക്കായി കർശന നടപടികൾ എടുക്കേണ്ടതായി വരാം. ഖേദകരമെന്നു പറയട്ടെ, ചില മാതാപിതാക്കൾ കുട്ടികളേക്കാൾ മോശമാകാറുണ്ട്. ശിക്ഷിക്കേണ്ട സമയത്തു

അവരുടെ മുൻകോപം നിമിത്തം കൈയ്യിൽ കിട്ടുന്നതു വച്ച് കുട്ടിയുടെ മുഖത്തോ കണ്ണിലോ തലയിലോ ഒക്കെ അടിക്കും. ദേഷ്യം വരുമ്പോൾ മൃഗീയമായി ഗുണ്ടകളെപ്പോലെ പ്രവർത്തിക്കുന്നതു തെറ്റു തന്നെയാണ്.

ശാരീരികമായ ശിക്ഷണം കുട്ടികളിൽ എങ്ങനെ നടത്തണം ? നിയന്ത്രണത്തോടെ, കരുതലോടെ, സ്നേഹത്തോടെ വേണം. കുട്ടികളെ ഉപദ്രവിക്കാൻ എടുക്കുന്ന ഉപകരണങ്ങൾ എന്തായിരുന്നാലും അതു ആദ്യം ഞാൻ എന്നിൽ തന്നെ ഉപയോഗിച്ചുനോക്കും. ആ പ്രയോഗം ശരീരത്തിനു ഹാനികരമല്ല എന്നു ഉറപ്പു വരുത്തുന്നതു അങ്ങനെയാണ്. ചെറിയ ഘനം കുറഞ്ഞ ചെടിത്തണ്ടുകൾകൊണ്ടോ ഈർക്കിൾ കൊണ്ടോ അവരുടെ തെറ്റുകൾ തിരുത്തുവാൻ ശിക്ഷിക്കാവുന്നതാണ്. പക്ഷെ ഓർക്കേണ്ട കാര്യം ആദ്യം അതു തങ്ങളുടെ ശരീരത്തിൽ പ്രഹരമേൽപിച്ചുകൊണ്ടാകണം. അപ്പോൾ പിന്നെ കുഴപ്പം സംഭവിക്കുകയില്ല എന്നു തീർച്ചയാക്കാം.

കുട്ടികളോട് എല്ലാ മാതാപിതാക്കൾക്കും ഉത്തരവാദിത്വമുണ്ട്. അവരെ സ്നേഹപരിപാലനത്തിലും ബാലശിക്ഷയിലും വളർത്തി ഭാവിയിൽ കൊള്ളാകുന്ന പക്വതയുള്ള പരിചയസമ്പന്നരായ സ്ത്രീ പുരുഷൻമാരായി മാറുന്നു; പ്രത്യേകിച്ച് ക്രിസ്തീയ മാതാപിതാക്കളായി തീരുന്നു. കുട്ടികളെ ശരിയായ രീതിയിൽ അഭ്യസിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ദൈവവചനത്തിൽ ദൈവം നൽകിയിട്ടുണ്ട്. സദൃശ്യവാക്യം 22:6-ൽ പറയുന്നു "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; വൃദ്ധനായാലും അവൻ അതു വിട്ടുമാറുകയില്ല". പ്രത്യാശയുള്ളേടത്തോളം നിന്റെ മകനെ ശിക്ഷിക്ക; എങകിലും അവനെ കൊല്ലുവാൻ തക്കവണ്ണം ഭാവിക്കരുതു (സദൃശ്യവാക്യം 19:18). "വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെയ്ക്കുന്നു; അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു (സദൃശ്യവാക്യം 13:24).

അമിതവാൽസല്യത്താലും സ്നേഹാധിക്യത്താലും കുട്ടികളെ ശരിയാക്കിയെടുക്കാം എന്നു കരുതുന്ന രക്ഷകർത്താക്കാം പരാജയമടയുകയാണ് സാധാരണ. നിയന്ത്രണവും അച്ചടക്കവുമില്ലാതെ വളരുന്ന കുട്ടികാം മുതിർന്നു വലുതാകുമ്പോാം അവരുടെ ഭയങ്കരമായ പെരുമാററം കണ്ടു ആളുകാം അവരെ തഴയുവാൻ തുടങ്ങും. അപ്പോാം അവർ അപകർഷതാബോധമുള്ളവരായി മാറും. പിന്നീട് അവർ നിഷേധാത്മകമായ കാര്യങ്ങളിൽ വ്യാപൃതരാകും. രക്ഷകർത്താക്കളുടെ സൈ്വര്യം കെടുത്തും. നിങ്ങളുടെ കുട്ടികാം വീട്ടിൽ ഇല്ലെങ്കിൽ, നിങ്ങളുടെ അനുവാദമില്ലാതെ അവർ ഓരോ കാര്യങ്ങാം ചെയ്യുമ്പോാം അവരെ അച്ചടക്കത്തിൽ നിർത്തേണ്ടതിന്റെ ആവശ്യകത മനസിലാകും. കാരണം അവർ ചെയ്യുന്ന തെററുകാംക്കു ഉത്തരവാദിത്വം മാതാപിതാക്കാംക്കായിരിക്കും. കുററപ്പെടുത്തേണ്ടതു രക്ഷകർത്താക്കളെയാണ്. വളർത്തുദോഷമാണ് എന്നെല്ലാം ആളുകളെക്കൊണ്ടു പറയിപ്പിക്കും.

★

## ബാലപംക്തി

ക്രിസ്തുവിൽ പ്രിയ കൊച്ചനിയൻമാർക്കും അനിയത്തിമാർക്കും കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധനാമത്തിൽ വന്ദനം അറിയിക്കട്ടെ.

ഈ കൊച്ചേട്ടന്റെ കഥ കഴിഞ്ഞ ലക്കത്തിൽ നിങ്ങാം വായിച്ചു കാണുമല്ലോ. ഈ ലക്കത്തിൽ നിങ്ങളോടു പറയുവാൻ പോകുന്നതു കഥയല്ല, ഒരു ക്രിസ്തീയ സഹോദരന്റെ ജീവിതചരിത്രമാണു.

പൊലികാർപ്പ്, അതെ പൊലിക്കാർപ്പ് എന്നതാണ് ആ സഹോദരന്റെ പേര്. ഈ മനുഷ്യന്റെ ജീവിതം ക്രിസ്തുവിനെ എങ്ങനെ നാം സ്നേഹിക്കണം എന്നു നമുക്കു പഠിപ്പിച്ചു തരികയാണു.

ആദിമ ക്രിസ്തീയ സഭയിലെ ഇടയനായിരുന്ന ഈ സഹോദരൻ ജനിച്ചതു AD 69-ലാണു. അപ്പോസ്തലനായ യോഹന്നാൻ മുഖാന്തരം ക്രിസ്തുവിനെ കുറിച്ചു അറിഞ്ഞു. തുടർന്നു ക്രിസ്തുവിനുവേണ്ടി ജീവിതം നയിച്ച ഒരു

സഹോദരനായിരുന്നു പൊലീകാർപ്പ്. ക്രിസ്ത്യാനികൾക്ക് ഒരു നല്ല മാതൃകയായി ജീവിച്ച ഈ സഹോദരൻ സ്മൂർന്ന എന്ന സ്ഥലത്തു ക്രിസ്തുവിൻെറ സഭയിൽ ദൈവവേലയും ചെയ്തിരുന്നു. പലരെയും ക്രിസ്തുവിലേക്കു നയിച്ച ഈ സഹോദരൻ പലരുടെ ജീവിതത്തിലും ക്രിസ്തുവിനെ മാതൃകയാക്കുവാൻ പഠിപ്പിച്ചു; കൂടാതെ പല ക്രിസ്ത്യാനികളെയും പ്രബോധിപ്പിച്ചു.

ഈ സഹോദരൻ ക്രിസ്തുവിനെ കുറിച്ചു പഠിപ്പിച്ച വ്യക്തികളിൽ ഒരാളായിരുന്നു ഐറേനിയസ്. കൂടാതെ ഫിലിപ്പിയ എന്ന പട്ടണത്തിലെ ക്രിസ്ത്യാനികൾക്കു ഇവൻ ഒരു ലേഖനവും എഴുതി; ഈ സമയമാണ് ഇവനു പല പരീക്ഷണങ്ങളെയും നേരിടേണ്ടി വന്നതു. ഇവൻ സ്മൂർന്നാ സഭയിലെ ദൈവവേല ചെയ്യുന്ന കാലഘട്ടമായിരുന്നു അതു. ഇവൻെറ ജീവിതത്തിൽ പരീക്ഷണങ്ങൾ നേരിടേണ്ടി വന്ന സാഹചര്യം.

സ്മൂർന്നായിൽ ചില അന്യമതക്കാർ ഉണ്ടായിരുന്നു. അവരിൽ പലർക്കും ഇദ്ദേഹത്തെ ഇഷ്ടമില്ലായിരുന്നു. കാരണം ഈ മനുഷ്യൻ മുഖാന്തരം പലരും ക്രിസ്തുവിനെ തൻെറ രക്ഷകനായി സ്വീകരിച്ചതായിരുന്നു.

അതുകൊണ്ടു അവനെ കൊല്ലുവാൻ പലരും പല തന്ത്രങ്ങളും ഉപയോഗിച്ചു. ആ സമയത്തു റോമാക്കാർ ലോകം അടക്കിഭരിച്ചിരുന്ന കാര്യം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. അതെ, റോമാക്കാരായിരുന്നു അന്നു ലോകം ഭരിച്ചിരുന്നതു. അവരിൽ ചിലർ തങ്ങളെത്തന്നെ ദൈവം എന്നു പറയുമായിരുന്നു. അതായതു, ജനം ആദ്യം ഈ റോമാഭരണാധികാരിയായ കൈസറെ ദൈവമായി നമസ്ക്കരിക്കണം. കൈസർ കഴിഞ്ഞിട്ടേ വേറെ ദൈവത്തെ നമസ്ക്കരിക്കാവൂ എന്നതായിരുന്നു കൈസർ ആരാധന. പക്ഷെ ഈ കാര്യം ഏതു ദൈവവിശ്വാസി അംഗീകരിക്കും? അനിയന്മാരും അനിയത്തിമാരും അംഗീകരിക്കുമോ? ഇല്ലല്ലോ.

ഇതാണു അവിടെ സംഭവിച്ചതും. നമ്മുടെ പ്രിയ സഹോദരനായ പൊലിക്കാർപ്പ് അംഗീകരിച്ചില്ല. അവസരം കാത്തുനിന്നു അന്യമതക്കാർക്ക് ഇതാ ഒരു സുവർണ്ണാവസരം കിട്ടി. അവർ വേഗം റോമാഭരണാധികാരിയോടു പരാതി പറഞ്ഞു. അവർ അവനെ പിടിച്ചുകൊണ്ടു പോകുകയും ചെയ്തു. അങ്ങനെ ഇതാ നമ്മുടെ സഹോദരൻ റോമാ ഭരണാധികാരികളുടെ മുന്നിൽ നില്ക്കുന്നു.

റോമാ ഭരണാധികാരി പൊലിക്കാർപ്പിനോടു "നീ കൈസരെ നമസ്കരിച്ചു ദൈവത്തെ തള്ളിപറയുക" എന്നാൽ നിന്നെ ഞങ്ങൾ രക്ഷിക്കാം എന്നു പറഞ്ഞു. അന്നു നമ്മുടെ സഹോദരനായ പൊലിക്കാർപ്പു എൺപത്താറു വയസ്സുള്ളവനായിരുന്നു. അവൻ അവരോടു പറഞ്ഞു "ഈ എൺപത്താറുവയസ്സുവരെ എന്റെ ദൈവം എനിക്ക് ഒരു ദ്രോഹവും ചെയ്തിട്ടില്ല. അവനെ ഞാൻ എങ്ങനെ തള്ളിപറയും"

അങ്ങനെ പറഞ്ഞാൽ റോമാഭരണാധികാരികൾ വെറുതെ വിടുമോ ?....അവർ അവനെ പിന്നെ ഒരു നിമിഷം പോലും ഈ ലോകത്തിൽ ജീവനോടെയിരുത്തുവാൻ അനുവദിച്ചില്ല. അവർ അവനെ കൊന്നു. അങ്ങനെ നമ്മുടെ സഹോദരനായ പൊലിക്കാർപ്പ് A D 155- ഫെബ്രുവരി 23-ം തീയതി മരിച്ചു.

എന്റെ അനിയൻമാരെ, അനിയത്തിമാരെ ഈ സഹോദരന്റെ ജീവിത ചരിത്രം നമ്മെ എന്തു പഠിപ്പിക്കുന്നു എന്നു ഈ കൊച്ചേട്ടന് എഴുതി അറിയിക്കുമോ ?

നിങ്ങളുടെ കത്തിനു വേണ്ടി ഈ കൊച്ചേട്ടൻ കാത്തിരിക്കുന്നു. വേഗം കത്തു അയയ്ക്കണേ. മറക്കരുതു, എന്റെ വിലാസം നിങ്ങൾക്കു അറിയാമല്ലോ.

എന്നു,

നിങ്ങളുടെ പ്രിയ കൊച്ചേട്ടൻ

★

(6-ാം പേജിൻെറ തുടർച്ച)

ഭൗതികമായ പലരുടെ ആവശ്യങ്ങൾ നേരിടുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുണ്ട്. യോഗ്യതകളില്ലാത്ത മൂപ്പൻമാരെ നിയോഗിക്കുന്നതിനേക്കാൾ മൂപ്പൻമാരില്ലാതിരിക്കുന്നതാണ് നല്ലതു. അദ്ധ്യക്ഷൻമാർക്ക് വേണ്ടതായ യോഗ്യതകൾ പറഞ്ഞിരിക്കുന്നതിൻെറ കാരണവും നാം മനസിലാക്കിയിരിക്കണം. പിന്നീടായിരിക്കണം മൂപ്പൻമാരെ നിയമിക്കേണ്ടതു. വർഷങ്ങൾ പിന്നിട്ടാലും ഒരു പ്രദേശത്തുള്ള ഇടവകയിൽ യോഗ്യതകളുള്ള പുരുഷൻമാർ ഇല്ലാതിരിക്കുന്നതു ലജ്ജാവഹമാണ്. അവർ വളരുകയോ അഭിവൃദ്ധി പ്രാപിക്കയോ ചെയ്യുന്നില്ല എന്നു ഇതിനാൽ തെളിയുന്നു.

ഏക ഭാര്യയുടെ ഭർത്താവ്, വിശ്വാസികളായ മക്കൾ, ഉപദേശിപ്പാൻ സമർത്ഥൻ. പുതിയ ശിഷ്യൻ അരുതു എന്നിവയൊഴിച്ച് മററുള്ള സ്വഭാവഗുണങ്ങൾ ഒരു പക്ഷെ ധാരാളം പുരുഷൻമാരിൽ കണ്ടെന്നുവരും. സ്ത്രീകളിലും കണ്ടേയ്ക്കാം. എന്നാൽ കുറെ കഴിയുമ്പോൾ പുരുഷൻമാർ പക്വതയിലെത്തുമ്പോൾ ഈ യോഗ്യതകളും അവരിൽ ഉണ്ടാകും. സ്ത്രീകൾക്കു മററുള്ള സ്ത്രീകളെ ഉപദേശിപ്പാൻ; കുട്ടികളെ പഠിപ്പിക്കുവാൻ തക്ക പരിജ്ഞാനത്തിലേക്കു ഉയരാൻ കഴിയും.

സ്ത്രീകളെ കുറിച്ച് പ്രതിപാദിക്കുമ്പോൾ അവരെ എന്തുകൊണ്ട് കർത്താവ് നേതൃസ്ഥാനത്തേക്ക് ഉയർത്തുന്നില്ല? സ്ത്രീകളെ തരംതാഴ്ത്തിവെക്കുകയോ അവർ പുരുഷൻമാരെ പോലെ പ്രാധാന്യമർഹിക്കുന്നില്ല എന്നതാണോ? ഒരിക്കലുമല്ല. ബൈബിൾ പരിശോധിച്ചാൽ അതിൽ പുരുഷന് ഒരു സ്ഥാനവും സ്ത്രീക്ക് ഒരു സ്ഥാനവും, പുരുഷനു ഒരു ജോലി, സ്ത്രീക്കു ഒരു ജോലി ഏർപ്പെടുത്തിയിരിക്കുന്നതു കാണാം. കാരണം ലളിതമാണ്. ഏററവും നല്ലതു എന്തെന്നു കർത്താവിന് അറിയാം. അവൻെറ നിർദ്ദേശ

ങ്ങളം നാം ചോദ്യം ചെയ്യാതെ അനുസരിക്കണം. ഓരോരു ത്തനു ദൈവം നൽകിയ പ്രവൃത്തി ചെയ്യുകയും ദൈവേഷ്ടം നിറവേററുകയും ചെയ്യുക എന്നതാണ് നമ്മുടെ ധർമ്മം.

ഇടവകയിലെ പുരുഷന്മാർക്കു ബിഷപ്പ് അഥവാ മൂപ്പ ന്മാർ ആകുവാനുള്ള കാംക്ഷ ഉണ്ടാകണമെന്നു പൌലൊ സ് പറയുന്നു. അങ്ങനെയുള്ളവൻ നല്ല വേല ആഗ്രഹി ക്കുന്നു. ആ പദവി നാം ഏറെറടുക്കാൻ ആഗ്രഹിക്കാത്തതി ൻെറ കാരണം അതു വലിയൊരു ഉത്തരവാദിത്വമുള്ള ജോലി ആയതുകൊണ്ടാണോ ? അതോ ആ സ്ഥാനത്തെത്തിയാൽ പ്രവർത്തനവും സേവനവും, സഹോദരൻമാർക്കും മററുള്ള വർക്കും വേണ്ടി സമയം ചെലവിടേണ്ടതുകൊണ്ടാണോ ? ഇതെല്ലാം നാം ചെയ്തില്ലെങ്കിൽ മററാരു ചെയ്യും ? മാനി ക്കേണ്ട പദവിക്കോ മഹത്വത്തിനോ വേണ്ടി ആരും വചന പ്രകാരമുള്ള ഒരദ്ധ്യക്ഷൻ ആകുകയില്ല.

പ്രാദേശിക സഭയെ നയിക്കേണ്ടവരാണ് മൂപ്പൻമാർ. ആട്ടിൻകൂട്ടത്തിനു മാതൃകയായി കൂട്ടത്തെ മേയ്ക്കണം. ആ കൂട്ടത്തിലുള്ളവർക്കു ആത്മീയ ആഹാരവും അച്ചടക്കവും വേണം. സത്യം പ്രചരിപ്പിക്കുന്നതിനും തെററ് തിരുത്ത പ്പെടുന്നതിനും അതീവ ശ്രദ്ധാലുക്കളായിരിക്കണം, അവർ ദൈവം നൽകിയതായ പ്രവൃത്തികൾ സഭയിൽ നടത്ത ണം. ഈ ഉദ്ദേശവും ലക്ഷ്യവുമുള്ള അദ്ധ്യക്ഷൻമാർ ഉള്ള സഭ വളർന്നു ശക്തി പ്രാപിച്ചുകൊണ്ടേയിരിക്കും.

മനുഷ്യ സംഘടനകളുടെ മാർഗ്ഗങ്ങളെക്കാൾ നല്ല രീതി യിൽ ഓരോ ഇടവകയും പ്രവർത്തിക്കുവാനായി കർത്താവി ൻെറ പദ്ധതിയായ അദ്ധ്യക്ഷതയിലുള്ള നടത്തിപ്പിനു പരിശീലനവും ഉപദേശവും അത്യന്താപേക്ഷിതമാണ്. അങ്ങ നെ എല്ലാ സ്ഥലത്തും മൂപ്പൻമാർ ഉണ്ടാകട്ടെ.

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ

## 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഞാനും, എന്റെ ഭാര്യ സൂസനും ഒരിക്കൽ ചില ഭവനങ്ങൾ സന്ദർശിച്ചപ്പോൾ, ഞങ്ങളെ അവരെല്ലാം വളരെ സന്തോഷത്തോടെ സ്വീകരിച്ചു. ഞങ്ങൾ സുവിശേഷവേലക്കാരെന്നു അവർ അറിഞ്ഞപ്പോൾ അവർക്ക് ആത്മീയകാര്യങ്ങൾ അറിയുന്നതിന്, ഏറെ താൽപര്യം കാണിച്ചു. യേശുക്രിസ്തുവിലൂടെ മനുഷ്യർക്ക് സൗജന്യമായി ലഭിക്കുന്ന രക്ഷയെക്കുറിച്ച് അവർ എല്ലാവരും വളരെ ജിജ്ഞാസയോടെ കേട്ടിരുന്നു. അവരിൽ ഒരാൾ ചോദിച്ചു, 'രക്ഷിക്കപ്പെട്ടാൽ സഭ മാറണോ'. ഞാൻ അവരോടു പറഞ്ഞു 'രക്ഷിക്കപ്പെട്ടാൽ സഭയോടു ചേരുകയാണ് അല്ലാതെ മാറുകയല്ല'. രക്ഷിക്കപ്പെടുന്നവരെ കർത്താവാണ് തന്റെ ശരീരമാകുന്ന സഭയോടു ചേർക്കുന്നത് (അപ്പൊ. 2:47). അയാൾ വീണ്ടും ചോദിച്ചു എനിക്കറിയേണ്ടത് 'കത്തോലിക്കസഭ' വിട്ടുമാറണോ എന്നതാണ്. സ്നേഹിതരെ! സഭ ഒന്നു മാത്രമേ ഉള്ളു. അതു ക്രിസ്തുവിന്റെ സഭയാണ് (റോമ. 16:16). ലോകത്തിൽ പല പേരുകളാൽ അറിയപ്പെടുന്ന സഭകൾ ഓരോന്നും ക്രിസ്തുവിന്റെ സഭകളല്ല. അവയെല്ലാം സംഘടനാസഭകളാണ്. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്താ. 16:18). ക്രിസ്തുവാകുന്ന ഉറപ്പുള്ള പാറമേൽ അവന്റെ സഭയെ പണിയപ്പെട്ടിരിയ്ക്കയാൽ സഭകൾ ഓരോന്നും ക്രിസ്തുവിന്റെ പേരിൽ തന്നെ അറിയപ്പെടണം. മററു പേരുകളോടു ക്രിസ്തുവിന്റെ സഭയെ ചേർത്തുവിളിക്കുന്നത് അസംബന്ധമാണ്. മററു പേരുകൾ ചേർത്തു വിളിക്കപ്പെടുന്ന

സഭകളും യാതൊന്നും ക്രിസ്തുവിന്റെ സഭകളല്ല. അവർ എല്ലാം "സമുദായത്തിന്റെ പള്ളിക്കാരാണ്". 'ഞങ്ങൾ കത്തോലിക്കാസഭ വിട്ടു മാറുന്നെന്നു പള്ളിയിലെ അച്ചൻ അറിഞ്ഞാൽ ഞങ്ങളുടെ വെള്ളംകുടി മുട്ടിപോകും." പള്ളിയിലെ അച്ചൻ ആണ് ഞങ്ങൾക്ക് പൈപ്പുവെള്ളം തരുന്നത്. അച്ചനെ ധിക്കരിച്ചാൽ ഞങ്ങൾ ആകെ വിഷമത്തിലാകും എന്ന് അവർ പറഞ്ഞു. അതെ അവർ പറയുന്നതു ശരിയാണ്. ഇന്നു എത്രയോ പതിനായിരങ്ങൾ ഇത്തരത്തിലുള്ള നീരാളി പിടിയിൽപ്പെട്ട് നശിച്ചുകൊണ്ടിരിക്കുന്നു. ചെറിയ ചെറിയ അപ്പക്കഷണങ്ങൾ ഇട്ടുകൊടുത്തിട്ട് അനേകർക്ക് ദൈവരാജ്യത്തിന്റെ അഥവാ ക്രിസ്തുവിന്റെ സഭയുടെ വാതിൽ അടച്ചുപൂട്ടിയിരിക്കുന്നു. സംഘടനാസഭകളിലെ ഇതര സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരായും, ആട്, കോഴി മുതലായ വളർത്തുമൃഗങ്ങളെ കൊടുത്തും, ഗോതമ്പ്, പാൽപൊടി, എണ്ണ തുടങ്ങി ഭക്ഷണസാധനങ്ങൾ വിതരണം ചെയ്തും അനേകരെ സംഘടനാ സഭകൾ ചങ്ങല ഇല്ലാതെ തളച്ചിരിക്കുകയാണ്. ഇപ്രകാരം ബന്ധിക്കപ്പെട്ടവർ, അവരുടെ ഈ ലോകജീവിതമാർഗ്ഗങ്ങളെക്കാൾ ഉപരി മറിച്ചൊന്നു ആലോചിക്കുന്നതിനു സമയം എടുക്കാറുമില്ല. അതിന്റെ ഫലമായി അവർക്ക് നിത്യജീവനുപകരം നിത്യനരകം ലഭ്യമാകയും ചെയ്യുന്നു. 'മുല ഊട്ടുന്നവരും മുല കുടിക്കുന്നവരും' ഒരുപോലെ ലോകാവസാനത്തിങ്കൽ നിത്യനാശത്തിന് ഇരയായി തീരുകയും ചെയ്യുന്നു. ഈ ലോകത്തിൽ ആത്മീയ ജീവിതത്തിന് തെല്ലും വില കൽപിക്കാത്ത സ്നേഹിതരെ, നിങ്ങളിൽ വന്നു ഭവിക്കാൻ പോകുന്ന നാശത്തെക്കുറിച്ച് അൽപം ഒന്നു ചിന്തിക്കുമോ?

എന്റെ അടുക്കൽ വന്നു ദൈവവചനം പഠിച്ചുകൊണ്ടിരുന്ന ഒരു സ്നേഹിതനും അയാളുടെ ഭാര്യയും കർത്താവിന്റെ ഉപദേശപ്രകാരം രക്ഷിക്കപ്പെടുന്നതിന് തയ്യാറായി. അവർ പിറ്റെ ദിവസം വരാമെന്ന് പറഞ്ഞുപോയവർ പിന്നെ വന്നില്ല. അവരെ അന്വേഷിച്ചു ഞാൻ അവരുടെ

വീട്ടിൽ ചെന്നപ്പോഴാം ചില വിവരങ്ങഠം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. അപ്പനും, അമ്മയും ക്രിസ്തുവിന്റെ സഭയോടു ചേരുന്നതിന് അവരുടെ മക്കഠംക്ക് താൽപര്യമില്ല. അവരുടെ മക്കഠം ഒക്കെ ചില്ലറ മോഷണം, ചീട്ടുകളി, മദ്യപാനം, വെറിക്കൂത്ത്, വ്യഭിചാരം മുതലായവ എല്ലാം പരിശീലിച്ചുകൊണ്ടിരിക്കുന്നവരാണ്. അവർ അപ്പനെയും അമ്മയേയും വിലക്കിയിരിക്കയാണ്. 'നിങ്ങഠം അങ്ങനെ പോയാൽ ഞങ്ങഠംക്ക് ആര് പെണ്ണു തരും. ചത്താൽ എവിടെ കുഴിച്ചിടും. ഞങ്ങളാ ഇപ്പോഠം നിങ്ങഠംക്ക് ചെലവിനു തരുന്നത്. അതിനാൽ ഞങ്ങഠം പറയുന്നതു നിങ്ങഠം ഇപ്പോഠം അനുസരിച്ചാൽ മതി. വയറുപിഴപ്പിനു നടക്കുന്ന ഉപദേശിമാരുടെ പുറകെ ആണോ, അവരുടെ ചക്കരവാക്കുകഠം കേട്ടു പോകുന്നത്. നാണമില്ലേ ? നമ്മുടെ കത്തോലിക്കാ പള്ളിയിൽ എന്താ കുറവ് ? മക്കഠം നിമിത്തം അവരുടെ രക്ഷ അന്യമായിത്തീർന്നു. ക്രിസ്തുവിന്റെ സഭയിലേക്ക് ചേർക്കപ്പെടുന്നതിന് അനേകർക്കും പല വിധത്തിലുള്ള തടസ്സങ്ങളാണ് അവരെ പുറകോട്ടു വലിക്കുന്നത്. ചിലർക്ക് മാതാപിതാക്കഠം, മററു ചിലർക്ക് മക്കഠം, ഭാര്യമാർക്ക് ഭർത്താക്കന്മാർ, ഭർത്താക്കന്മാർക്ക് ഭാര്യമാർ; വേറെ ചിലർക്ക് ഉദ്യോഗങ്ങഠം, അനേകർക്ക് പാരമ്പര്യം, അന്ധമായ വിശ്വാസാചാരങ്ങഠം, മാമൂലുകളും. മററു ചിലർക്ക് കുടുംബമഹിമയും പദവികളും, ചിലർക്ക് സമ്പത്തുകളും, ബിസ്സിനസ്സുകളും. വേറൊരു കൂട്ടർക്ക് ജഡത്തിന്റെ ദുശീലങ്ങഠം. ഈ വകക്കാരെല്ലാം രക്ഷിക്കപ്പെടാതെ നിത്യനാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കയാണ്. ഇക്കൂട്ടർ അന്ധമായി ദൈവത്തോടു പ്രാർത്ഥിക്കയും, പള്ളിയിൽ പോകയും, അചാരാനുഷ്ഠാനങ്ങഠം എല്ലാം കൃത്യമായി ചെയ്യുകയും, സൽകർമ്മങ്ങഠം ചെയ്യുന്നവരായും കണ്ടേക്കാം. എന്നാൽ അവർ രക്ഷിക്കപ്പെടാത്ത കാലത്തോളം ദൈവരാജ്യത്തിനോ; സ്വർഗ്ഗത്തിനോ അവകാശികളായിരിക്കയില്ല. യേശു പറയുന്നത് നിങ്ങഠം ശ്രദ്ധിക്കുമോ ? "ദൈവരാജ്യം നിമിത്തം വീടോ, ഭാര്യയേയോ, സഹോദരൻമാരേയോ അമ്മയപ്പന്മാരെ

യോ, മക്കളെയോ വിട്ടുകളഞ്ഞിട്ട് ഈ കാലത്തിൽ തന്നേ പല മടങ്ങായും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരും ഇല്ലാ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു''. (ലൂക്കൊ. 18: 29, 30) ''എന്റെ അടുക്കൽ വരികയും അപ്പനേയും അമ്മയേയും ഭാര്യയേയും മക്കളേയും സഹോദരൻമാരെയും, സഹോദരികളെയും, സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല (ലൂക്കൊ. 14:16) എന്നേക്കാൾ അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാൾ അധികം മകനേയോ മകളേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല (മത്താ. 10: 37, 38)

സ്നേഹിതാ ! നീ ആരെ അനുസരിക്കണം ? നീ ആരെ ഭയപ്പെടണം ? ക്ഷണികമായ ലോകജീവിതത്തിൽ നിന്റെ ജഡത്തിന്റെ ആവശ്യങ്ങളിൽ സഹായിക്കുന്ന മനുഷ്യരെയോ അതോ നിന്റെ ജഡത്തെയും ആത്മാവിനേയും ഒന്നുപോലെ രക്ഷിക്കാനോ നശിപ്പിക്കാനോ അധികാരമുള്ള ദൈവത്തെയോ ? നീ ആരെ ഭയപ്പെടണം ? നിന്നോടു കർത്താവായ യേശു പറയുന്നു. ''ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട. ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ.'' (മത്താ. 10:28). ''ദൈവപുത്രനെ ചവിട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്രമാകും എന്നു വിചാരിപ്പിൻ. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം'' (എബ്രാ. 10:29, 31).

(ശേഷം അടുത്ത ലക്കത്തിൽ)

★

# അഗ്നി മരിച്ചു കൊണ്ടിരിക്കയാണ്

മോഹൻദാസ്. വി

അന്ന്,
അഗ്നിയാൽ നിറഞ്ഞ് അവർ ശോഭിച്ചുകൊണ്ടിരുന്നു.
ആ അഗ്നി മരിച്ചുകൊണ്ടിരിക്കുകയാണ്.
ആർത്തന്മാരുടെ വിലാപവും വിശന്നുമരിക്കുന്ന-
കുഞ്ഞുങ്ങളുടെ നിലവിളിയുമുയരുന്നു
പറുദീസകളെ സ്വപ്നം കണ്ടുമയങ്ങുന്നവർ
അതു കാണുന്നില്ല; കേൾക്കുന്നുമില്ല.
ആ അഗ്നി മരിച്ചുകൊണ്ടിരിക്കുകയാണ്.
വിശാല സാമ്രാജ്യങ്ങളെ അവൻ വലംവെച്ചുകഴിഞ്ഞു.
അവനാത്മാവു (അഗ്നി) പകരാനവൻ
ഗോത്രങ്ങൾ തേടുന്നു.
പ്രവൃത്തിയില്ലാത്ത പ്രാർത്ഥനപോലെ,
വ്യർത്ഥ വിലാപങ്ങളുമായി
അഗ്നി മരിച്ചുകൊണ്ടിരിക്കുന്നു
അവന്റെ രക്തം വിയർപ്പായിററുവീഴുന്നു.
ദരിദ്രന്റെ സുവിശേഷം,
ധനവാന്റെ കാതുകളിൽ വ്യർത്ഥമായി
പ്രകമ്പനം കൊള്ളുന്നു.
ബദ്ധന്റെ കാൽച്ചങ്ങലകൾ മുറുകുന്നു.
പീഡിതന്റെ രോദനമുയരുന്നു
അവന്റെ വരണ്ട നാവിന്നു ജീവജലമില്ല.
നിങ്ങൾ കാണും പോലെ അഗ്നി മരിച്ചു-
കൊണ്ടിരിക്കയാണ്.
ആർദ്രതയില്ലാത്തവരുടെ തമ്പേററുകളിലും
സ്നേഹമില്ലാത്തവരുടെ വാഗ്ദാനങ്ങളിലും
വിശ്വാസനാട്യങ്ങളുടെ പുകഴ്ചകളിലും
അഗ്നി മരിക്കുകയാണ്.
ദരിദ്രനും പീഡിതനുമിതുപകരുന്നതാരാണ് ?
അഗ്നിയുടുടയോടനത് നൽകുന്നതാരാണ് ?
അഗ്നി അവരിലൂടെ നിലനിർത്തുന്നതാരാണ് ?

***

# യൗവന കാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്ത് കൊൾക

റെജി കടാമ്പാ

യൗവനം എന്നത് കൗമാരപ്രായമാണല്ലോ. ശിശുക്കളുടെ നിർമ്മലതയും, നിഷ്കളങ്കതയും, പുരുഷത്വത്തിന്റെ ആരംഭവും കൂടിക്കലർന്നു കാണാവുന്ന ഒരു അവസ്ഥയാണിത്. പുതുമയുടേയും ഉത്സാഹത്തിന്റേയും പ്രസരിപ്പിന്റേയും കാലമാണ് യുവത്വം.

ലൗകികമായ സുഖഭോഗങ്ങളുടെ പിന്നാലെ അലഞ്ഞു തിരിഞ്ഞു നഷ്ടപ്പെടുത്തി കളയുവാനുള്ളതല്ല ഈ യുവത്വം പലർക്കും യുവത്വത്തിന്റെ കാലയളവ് ശരിയായ രീതിയിൽ മനസ്സിലാക്കുവാൻ കഴിയാത്തതിനാൽ യുവത്വം ശരിയായി അനുഭവിക്കുവാൻ സാധിക്കാതെ പോകുന്നു. യൗവന പ്രായത്തെകുറിച്ച് സഭാപ്രസംഗി സംസാരിക്കുമ്പോൾ ഇപ്രകാരം നമുക്ക് അവിടെ കാണുവാൻ സാധിക്കുന്നു. യൗവനക്കാരാ നിന്റെ യൗവനകാലത്ത് നീ നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക (സഭാപ്രസംഗി 12:1). ഇന്ന് യുവത്വത്തെകുറിച്ച് യുവാക്കളുടെ ഇടയിൽ തന്നെ. തെററായ ധാരണകൾ പരന്നിരിക്കുന്നു. അവർ വിചാരിക്കുന്നത് യൗവനം ഒരു കാലയളവിൽ മാത്രം ലഭിക്കുന്നതാണ്. അത് ദൈവത്തിന്റെ നാമവും ധരിച്ച് ബൈബിൾ വാക്യങ്ങളെയും ഉദ്ധരിച്ചു കളയുവാനുള്ളതല്ല. അത് കുറച്ച് നാൾ സുഖിച്ച് ജീവിക്കുവാൻ ഉള്ളതാണ് എന്നാണ്.

അപ്പോസ്തലനായ പൗലൊസ് യുവത്വത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന തിമൊഥെയൊസിന് ലേഖനം എഴുതുമ്പോൾ പറയുന്നു. ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക. (1തിമൊ: 4:12). ഇന്ന് തെററ് ചെയ്യുവാൻ മനുഷ്യ

റെ പ്രേരിപ്പിക്കുന്നത് യുവതീയുവാക്കളുടെ യൗവന പ്രായത്തിലുള്ള കാലഘട്ടമാണെന്ന് നമുക്ക് കാണാൻ കഴിയും. ഇവർ ദൈവവചനത്തിന് വിരുദ്ധമായ ഈ ലോകത്തിന്റെ ലൗകികമായ വശങ്ങളിലാണ്. വീണ്ടും ഇതിനെ കുറിച്ച് ശലോമോൻ സംസാരിക്കുമ്പോൾ യൗവനക്കാരാ നിന്റെ യൗവനത്തിൽ സന്തോഷിക്കാം. യൗവനകാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ. നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്ക് ബോധിച്ചവണ്ണവും നടന്നുകൊൾക. എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായ വിസ്താരത്തിലേയ്ക്ക് വരുത്തും എന്നറിക (സഭാപ്രസംഗി 11:9). ഇതിനെ കുറിച്ച് അപ്പോ: പൗലൊസ് സംസാരിക്കുമ്പോൾ അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്ക പ്രതിഫലം പ്രാപിക്കേണ്ടതിന് ഓരോരുത്തൻ യേശു ക്രിസ്തുവിന്റെ ന്യായാസനത്തിന് മുൻപാകെ നിൽക്കേണ്ടിവരും (2 കൊരിന്ത്യർ 5:10).

വീണ്ടും ശരീരത്തിന്റെ വിലയെ കുറിച്ച് പൗലൊസ് പറയുമ്പോൾ നിങ്ങളുടെ ശരീരം ദൈവത്തിന്റെ ആത്മാവിന് വസിക്കേണ്ട മന്ദിരമാണെന്നും നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ലെന്നും അറിയുന്നില്ലയോ, നിങ്ങളുടെ ശരീരം കൊണ്ട് കർത്താവിനെ മഹത്വപ്പെടുത്തുവിൻ (1 കൊരിന്ത്യർ 6:19-20). **"ഹേ മനുഷ്യാ മദ്യപാനങ്ങൾക്കും വെറിക്കൂത്തുകൾക്കും മയക്കുമരുന്നുകൾക്കും ദുഷ്കാമങ്ങൾക്കും അടിമയായി നീ നിന്റെ ശരീരത്തെ ഉപയോഗിക്കുമ്പോൾ ചിന്തിച്ചുകൊൾക- നിന്റെ ശരീരം ദൈവത്തിന് വസിക്കേണ്ട മന്ദിരമാണ്."** നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ നിങ്ങളും അങ്ങനെ തന്നെ (1 കൊരിന്ത്യർ 3:16; 17).

യുവാക്കളും യുവതികളും ദൈവവചനപ്രകാരം ജീവിതം നയിക്കുവാൻ ശ്രമിക്കുമെങ്കിൽ ജീവിതത്തിലെ ജഡത്തിന്റെ എല്ലാ പരീക്ഷണങ്ങളേയും എതിർത്ത് നിൽപാനും വിജയം നേടുവാനും അവർക്ക് സാധിക്കും. യൗവനപ്രായത്തെ നേരായ മാർഗ്ഗത്തിലൂടെ മുന്നോട്ട് കൊണ്ടുപോകുവാൻ ദൈവവചനം മാത്രമേ ആരെയും സഹായിക്കുകയുള്ളൂ. യുവാക്കളായ നാം വെറും ഭൗതിക കാര്യങ്ങളെ കുറിച്ച് മാത്രം ചിന്തിച്ച് സമയം നഷ്ടപ്പെടുത്താതെ ദൈവമാണ് നമ്മെ സൃഷ്ടിച്ചതെന്നും നമുക്ക് ഒരു ജീവൻ അഥവാ ആത്മാവ് ഉണ്ട് എന്നും മനസ്സിലാക്കിയിരിക്കണം. നമുക്കുള്ള ഉണർവ്വും ഉൻമേഷവും ഓജസും ദൈവത്തിന് വേണ്ടി ഉപയോഗപ്പെടുത്തണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവവചനത്തെ ആഴമായി പഠിക്കുന്നതിനും യുവത്വംപോലെ മറ്റൊരു സമയവുമില്ല. ഇന്ന് ലോകത്തിൽ യുവത്വത്തെ വശീകരിക്കുവാൻ കഴിയുന്ന അനേകം കാര്യങ്ങൾ ഉണ്ട്. എന്നാൽ ഇവയിൽ ഒന്നും നമ്മുടെ ആത്മരക്ഷയ്ക്ക് ഉപകരിക്കുകയില്ല എന്ന് ഓർത്ത് കൊൾക.

പ്രിയ സഹോദരാ, സഹോദരി, നിങ്ങളുടെ വിലയേറിയ യുവത്വത്തെ കുറിച്ച് നിങ്ങൾ ഒരു നിമിഷം ആലോചിക്കുമോ ?

ദൈവവചനം പഠിക്കുന്നതിനും ദൈവത്തെ അറിയുന്നതിനും ദൈവത്തിനായി ജീവിക്കുന്നതിനും യുവാക്കളും യുവതികളുമായ നമ്മെ ദൈവവചന പ്രകാരം സമർപ്പിക്കുമെങ്കിൽ, നമുക്കു രക്ഷ അവകാശമാക്കുവാൻ സാധിക്കും എന്ന് മാത്രമല്ല, നമ്മുടെ ജീവിതം അനേകർക്ക് പ്രയോജനപ്പെടുത്തുവാൻ തക്കവണ്ണം അനേകം വർഷങ്ങൾ ദൈവത്തിനായി സേവ ചെയ്യുവാനും സാധിക്കും. നമ്മെപ്പോലെ ലോകത്തിന്റെ പാപങ്ങളിലും ആകർഷണങ്ങളിലും വശീകരിക്കപ്പെട്ട് നശിച്ച് പോകുന്നവരെ കരകയററുവാൻ നമ്മിലൂടെ പ്രവർത്തിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9 : 00 to 9 : 15 P.M.
Fridays — 7 : 45 to 8 : 00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 : 45 to 1 : 00 P.M.
Tuesdays — 9 : 00 to 9 : 15 P.M.
Thursdays — 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2 : 30 to 2 : 45 P.M.
Tuesdays — 2 : 30 to 2 : 45 P.M.
Thursdays— 2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays — 2 : 30 to 2 : 45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5 : 30 to 5 : 45 P.M.
Thursdays — 6 : 45 to 7 : 00 P.M.
Sundays — 6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3 : 45 to 4 : 00 P.M.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays 1: 45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378